# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2623 — 18.08.2017-ൽ മറുപടിക്ക്

### ഓച്ചിറയിലെ സിഗ്നൽ ലൈറ്റുകൾ

**ചോദ്യം**
**ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ഓച്ചിറയിൽ നിലവിലെ ദേശീയ പാതയും പഴയ ദേശീയപാതയും ചേരുന്ന ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല ഏത് വകുപ്പിനാണെന്ന് വ്യക്തമാക്കാമോ; | (എ) ഓച്ചിറയിൽ നിലവിലെ ദേശീയ പാതയും പഴയ ദേശീയപാതയും ചേരുന്ന ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല പോലീസ് വകുപ്പിനാണ്. |
| (ബി) പ്രസ്തുത സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കാത്തതുമൂലം ഈ ഭാഗത്ത് അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിച്ച് ഈ പ്രദേശം അപകടരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) ഈ പ്രദേശത്ത് നിലവിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനോടൊപ്പം ഉപയോഗശൂന്യമായ സിഗ്നൽ ലൈറ്റുകൾ പ്രസ്തുത സ്ഥലത്തു നിന്നും നീക്കം ചെയ്ത് പകരം പുതിയ സോളാർ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ട്രാഫിക് സിഗ്നൽ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ